**Desabhimani**
**30 August 2018**
**Kochi; Flood Relief Fund**

# ബെഫി നേതാവ് നൽകും 20 സെന്റ്

**കൊച്ചി**

ദുരിതബാധിതരുടെ കണ്ണീരൊപ്പാൻ 20 സെന്റ് ഭൂമി സൗജന്യമായി നൽകാൻ സന്നദ്ധത അറിയിച്ച് ബാങ്ക് ജീവനക്കാരൻ. യൂണിയൻ ബാങ്ക് കോതമംഗലം ശാഖയിലെ ക്ലർക്കും ബാങ്ക് എംപ്ലോയീസ് ഫെഡറേഷൻ ഓഫ് ഇന്ത്യ (ബെഫി) കോതമംഗലം ഏരിയ പ്രസിഡന്റുമായ തൃക്കാരിയൂർ പള്ളിക്കുഴി വീട്ടിൽ പി പി അനിൽകുമാറാണ് ഇടുക്കി ജില്ലയിലെ കുഞ്ചിത്തണ്ണിയിലെ ലക്ഷങ്ങൾ വിലമതിക്കുന്ന 20 സെന്റ് ഭൂമി നൽകുന്നത്.

പ്രളയത്തിൽ വീട് നഷ്ടപ്പെട്ട അഞ്ചു കുടുംബങ്ങൾക്ക് വീടു വയ്ക്കാനായി നാല് സെന്റ് ഭൂമിവീതം നൽകും. കുടുംബസ്വത്തായി ലഭിച്ച ഭൂമിയാണിത്.

അനിൽകുമാറിന്റെയും സഹോദരൻമാരായ ശിവൻ, ചന്ദ്രൻ, ഗോപാലകൃഷ്ണൻ, സുധൻ എന്നിവരുടെയും പേരിലാണ് ഭൂമി. എല്ലാവരും ഒരുമിച്ചെടുത്തതാണ് തീരുമാനം. മലേഷ്യയിൽ ജോലിചെയ്യുന്ന സഹോദരൻ ചന്ദ്രൻ നാട്ടിലെത്തിയാലുടൻ ഭൂമി കൈമാറാനുള്ള നടപടികൾ പൂർത്തിയാക്കുമെന്ന് അനിൽകുമാർ പറഞ്ഞു.